**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 85** **09-10-2024 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള വിതരണം മുടങ്ങിയതിനെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജല അതോറിറ്റിയുടെ പൈപ്പ് ലൈൻ അലൈൻമെന്റ് മാറ്റുന്ന ജോലികൾ സമയബന്ധിതമായി പൂർത്തിയാകാത്തതിനെത്തുടർന്ന് അഞ്ച് ദിവസത്തോളം തിരുവനന്തപുരം നഗരത്തിൽ ജലവിതരണം മുടങ്ങിയ സംഭവം ഗൗരവമായി പരിശോധിക്കുമോ; | (എ) | ജല അതോറിറ്റിയുടെ പൈപ്പ് ലൈൻ അലൈൻമെന്റ് മാറ്റുന്ന ജോലികൾ സമയബന്ധിതമായി പൂർത്തിയാകാത്തതിനെത്തുടർന്ന് അഞ്ച് ദിവസത്തോളം തിരുവനന്തപുരം നഗരത്തിൽ ജലവിതരണം മുടങ്ങിയ സംഭവത്തിൽ വിശദമായ അന്വേഷണത്തിന് ടെക്നിക്കൽ മെമ്പറിനെ ചുമതലപ്പെടുത്തിയിരുന്നു. ആയതിൻപ്രകാരമുള്ള റിപ്പോർട്ട് സർക്കാർ പരിശേധിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇത്തരം അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മാനദണ്ഡങ്ങൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ജലവിതരണ ശൃംഖലയിൽ അടിയന്തരമായി അറ്റകുറ്റപ്പണികൾ ചെയ്യുമ്പോഴും, മറ്റ് പ്രധാന പ്രവൃത്തികൾ നടത്തുമ്പോഴും കർശനമായി പാലിക്കേണ്ട മാനദണ്ഡങ്ങളെ സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ (SOP)-യുടെ കരട് രേഖ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ തയ്യാറാക്കിയിട്ടുണ്ട്. ഇത് എല്ലാ ചീഫ് എഞ്ചിനീയർമാരുടെയും നിർദേശങ്ങൾക്കായി സമർപ്പിച്ചിരിക്കുകയാണ്.<br><br>കൂടാതെ ഇത്തരം സാഹചര്യങ്ങളിൽ പാലിക്കേണ്ട നിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലർ 23.09.2024 ൽ കേരള വാട്ടർ അതോറിറ്റി പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ഭാവിയിൽ ഇത്തരം കാലതാമസം ആവർത്തിക്കാതിരിക്കുവാൻ സ്വീകരിച്ച മുൻകരുതലുകൾ.<br><br>1. Crisis Management Group Protocol പുതുക്കി ക്രമീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | 2. കരാറുകാരെ CMG യുടെ പരിധിയിലുള്ള പ്രവൃത്തികൾ ചെയ്യുന്നതിന് എംപാനെൽ ചെയ്ത് വരുന്നു.<br>3. ബ്രേക്ക് ഡൗൺ പരമാവധി ഒഴിവാക്കുന്നതിന് ഷെഡ്യൂൾഡ്/പ്രീവന്റീവ് മെയിന്റനൻസിന് മുൻഗണന നൽകുന്നതാണ്.<br>4. വാൽവുകൾ കൃത്യമായി പരിശോധിച്ച് പ്രവർത്തന ക്ഷമമാക്കുന്നതിനും, പുതിയ വാൽവുകൾ സ്ഥാപിക്കാനുമുള്ള നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (സി) | അറ്റകുറ്റപ്പണികൾ നടത്തുന്നതിൽ അലംഭാവം കാട്ടിയവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | പ്രസ്തുത വിഷയത്തിന്മേലുള്ള അന്വേഷണ റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ